നെല്ലിമൂട് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകനെ എസ്.ഐ. മർദ്ദിച്ച സംഭവം

71 [5215] ശ്രീ. പി.ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നെല്ലിമൂട് ഹയർ സെക്കന്ററി സ്കൂളിലെ ചില വിദ്യാർത്ഥികളെ ഫുട്ബോർഡിൽ യാത്രചെയ്തു എന്ന കുറ്റത്തിന് അറസ്റ്റ് ചെയ്തിരുന്നുവോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) അദ്ധ്യാപകർ ആരെങ്കിലും വന്നാൽ കുട്ടികളെ വിടാമെന്ന് എസ്.ഐ. അനിൽകുമാർ അറിയിച്ചതനുസരിച്ച് പ്രസ്തുത സ്കൂളിലെ അദ്ധ്യാപകനായ ശ്രീ. ഫസലുദ്ദീൻ സ്റ്റേഷനിൽ ചെന്നപ്പോൾ കുട്ടികളുടെ മുന്നിൽ വച്ച് ഈ അദ്ധ്യാപകന്റെ ചെകിട്ടത്ത് അടിക്കുകയും അപമാനിക്കുകയും ചെയ്തത് സംബന്ധിച്ച് പരാതി കിട്ടിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത എസ്.ഐ. സർവീസിൽ കയറിയിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇദ്ദേഹം ഏതെല്ലാം സ്റ്റേഷനിൽ ഇതുവരെ ജോലി ചെയ്തിട്ടുണ്ട്;

(ജി) ഇദ്ദേഹത്തിനെതിരെ മറ്റേതെങ്കിലും പരാതികളോ നടപടികളോ ഇതിനു മുമ്പുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ എസ്.ഐ.-യുടെ സ്വദേശവും മേൽവിലാസവും വ്യക്തമാക്കുമോ;

(ഐ) അദ്ധ്യാപകനെ വിദ്യാർത്ഥികളുടെ മുന്നിൽ വച്ച് മർദ്ദിച്ച എസ്.ഐ.-ക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ 24-6-2003-ന് ബസ്സിൽ സ്ത്രീകളെയും മറ്റും ശല്യം ചെയ്യുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര എസ്.ഐ.-യും വനിതാ പോലീസുകാരുമുൾപ്പെടെ ബസ്സുകളിൽ നടത്തിയ പരിശോധനയിൽ 8 വിദ്യാർത്ഥികളേയും 6 മറ്റ് ചെറുപ്പക്കാരേയും നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്നിട്ടുള്ളതും തുടർന്ന് സ്കൂളിലെ പ്രിൻസിപ്പലിനോടൊപ്പം പ്രസ്തുത കുട്ടികളെ ഏല്പിച്ച് വിട്ടയച്ചിട്ടുള്ളതുമാണ്.

(സി) പരാതി കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരാതിയുടെ പ്രാരംഭ അന്വേഷണത്തിൽ ടി സ്റ്റേഷനിലെ എസ്.ഐ.-യുടെ റൂമിൽ വച്ച് അദ്ധ്യാപകൻ കയർത്തു സംസാരിക്കുകയും ആയതിനെ തുടർന്ന് വിദ്യാർത്ഥികളുടെ മുന്നിൽ വച്ച് അദ്ധ്യാപകനെ ദേഷ്യത്തിൽ റൂമിന് പുറത്തുപോകാൻ പറഞ്ഞതായിട്ടാണ് വെളിവായത്. ടിയാൻ ബഹു. മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും നൽകിയ പരാതികളിൻമേൽ അന്വേഷണം നടന്നുവരികയാണ്.

(ഇ) പരിശീലന കാലഘട്ടം കൂടാതെ 5 വർഷം.

(എഫ്) തിരുവനന്തപുരം റൂറൽ ജില്ലയിൽ നെയ്യാറ്റിൻകര, വിളപ്പിൽശാല, തിരുവനന്തപുരം സിറ്റിയിൽ മ്യൂസിയം, കൊല്ലം ജില്ലയിൽ കുന്നിക്കോട്, ചടയമംഗലം എന്നീ സ്റ്റേഷനുകളിൽ ജോലി ചെയ്തിട്ടുണ്ട്.

(ജി) യാതൊരു നടപടിയും ഇതിനുമുമ്പ് ഇദ്ദേഹത്തിനെതിരെ ഉണ്ടായിട്ടില്ല.

(എച്ച്) കൊല്ലം ജില്ലയിൽ സുഗതി ഭവൻ, ഭൂതക്കുളം, പരവൂർ, ചാത്തന്നൂർ.

(ഐ) അന്വേഷണം നടന്നുവരുന്നു.

ടൗൺ പ്ലാനറെ കയ്യേറ്റം ചെയ്ത സംഭവം സംബന്ധിച്ച നടപടി

72 [5216] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ടൗൺ പ്ലാനറായ ഉദ്യോഗസ്ഥയെ ജില്ലാ കളക്ടറേറ്റിലെ ഒരു ഉദ്യോഗസ്ഥൻ ഓഫീസിൽ കയറി കയ്യേറ്റം ചെയ്ത സംഭവത്തെത്തുടർന്ന് പ്രസ്തുത ജീവനക്കാരനെതിരെ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് സർവ്വീസ് ചട്ടമനുസരിച്ച് നടപടി എടുക്കാനാണ് നിർദ്ദേശം നൽകിയത്; പ്രസ്തുത സർവ്വീസ് ചട്ടമനുസരിച്ച് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെയും നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന് ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടികളെ സംബന്ധിച്ച മാനുവലിലെ 16(4) ഖണ്ഡിക നോട്ട് (ബി) അനുസരിച്ച് ആവശ്യമായ നടപടി എടുത്ത് റിപ്പോർട്ട് ചെയ്യുന്നതിന് 17-10-2001-ൽ വയനാട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം ജില്ലാ കളക്ടർ അന്വേഷണം നടത്തുകയും കുറ്റക്കാരനെന്ന് കണ്ടെത്തിയ ജില്ലാ കളക്ടറേറ്റിലെ ഉദ്യോഗസ്ഥനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ അനുസരിച്ച് ജില്ലാ കളക്ടർ ടി ചട്ടങ്ങളിലെ ഭാഗം 5, ചട്ടം 11 (iii)-ൽ അനുശാസിക്കുന്ന ശിക്ഷയായ വാർഷിക ശമ്പളവർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ശിക്ഷണനടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly